## തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്

(സാന്നിദ്ധ്യം വി. എസ്. ജയകുമാർ)

### സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്ന സംഗതി - ഉത്തരവു പുറപ്പെടുവിക്കുന്നു.

---

നടപടി ഉത്തരവ് നമ്പർ. Roc. 3711/2013/EDP തിരുവനന്തപുരം, തീയതി 17/03/2016

---

പരാമർശം :

1. വർക്കല അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 15/02/2016 ലെ 4054 നമ്പർ റിപ്പോർട്ട്
2. തിരുവല്ല ദേവസ്വം ബോർഡ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പാളിന്റെ 23/07/2015 ലെ കത്ത്
3. ദേവസ്വം ബോർഡ് ഓഫീസ് എൽ.ഡി ക്ലാർക്ക് ശ്രീമതി എസ്. പ്രീതയുടെ 11/11/2015 ലെ അപേക്ഷ

തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും പെർമനന്റ് തിരിച്ചറിയൽ കാർഡ് ഗ്രൂപ്പ് ആസ്ഥാനങ്ങളിൽ വച്ചും പ്രധാനപ്പെട്ട ക്ഷേത്രങ്ങളിൽ വച്ചും വിതരണം ചെയ്യുന്നതു സംബന്ധിച്ചും, ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥർക്ക് തിരിച്ചറിയൽ കാർഡു നൽകുന്നതു സംബന്ധിച്ചും, കാർഡു നഷ്ടപ്പെടുന്നവർക്ക് ഡ്യൂപ്ലിക്കേറ്റ് കാർഡു നൽകുന്നതു സംബന്ധിച്ചും പരാമർശ റിപ്പോർട്ടുകൾ പരിഗണിച്ച് ചുവടെ വിവരിക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

### ഉത്തരവ്

1. തിരിച്ചറിയൽ കാർഡു വിതരണത്തിന് ചുമതലപ്പെടുത്തിയിരുന്ന ഇ.ഡി.പി വിഭാഗത്തിന് ടി ജോലികളിൽ സഹായിക്കുന്നതിനായി ഡ്യൂട്ടിക്കു നിയോഗിച്ചിരുന്ന വർക്കല ഗ്രൂപ്പിലെ കീഴാറ്റിങ്ങൽ സബ് ഗ്രൂപ്പിലെ കൊടുമൺ ദേവസ്വം പാർടൈം തളി ശ്രീ. പി. ആദേശിന് വാച്ചറായി കീഴാറ്റിങ്ങൽ ദേവസ്വത്തിൽ നിയമിച്ചതിനാൽ ടിയാനെ വീണ്ടും പ്രസ്തുത ജോലിക്കായി ആവശ്യമുള്ള ദിവസങ്ങളിലേക്ക് ഇ.ഡി.പി വിഭാഗത്തെ സഹായിക്കുന്നതിനായി ഡ്യൂട്ടിക്കു നിയോഗിച്ച് ഉത്തരവാകുന്നു.
2. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ടീച്ചിംഗ് നോൺ ടീച്ചിംഗ് ജീവനക്കാർക്കു കൂടി ഗ്രൂപ്പുകളിലെ കാർഡ് വിതരണം പൂർത്തിയായ ശേഷം തിരിച്ചറിയൽ കാർഡു നൽകുന്നതിന് ഇ.ഡി.പി വിഭാഗത്തെ ചുമതലപ്പെടുത്തുന്നു. ഇതിലേക്കുള്ള ഫോർമാറ്റ് തയ്യാറാക്കി നൽകുന്നതിന് കോളേജ്, സ്കൂൾ സ്പെഷ്യൽ ഓഫീസറന്മാരെ ചുമതലപ്പെടുത്തുന്നു.
3. തിരിച്ചറിയൽ കാർഡു നഷ്ടമാകുന്നവർക്ക് 200/- രൂപാ ദേവസ്വം ഫണ്ടിൽ ഒടുക്കു വരുത്തി ചെല്ലാൻ സഹിതം ബന്ധപ്പെട്ട വകുപ്പു മേധാവിയുടെ

ശുപാർശയുടെ അടിസ്ഥാനത്തിൽ ഡ്യൂപ്ലിക്കേറ്റ് കാർഡ് വിതരണം ചെയ്യാൻ അനുവദിച്ച് ഉത്തരവാകുന്നു.

4. ചില ജീവനക്കാർ ടാഗ്, പൗച്ച് എന്നിവ മാത്രം സ്പെയർ ആയി ലഭിക്കുന്നതിന് സമീപിക്കുന്നതിനാൽ ടാഗ് ഒന്നിന് 100 രൂപായും (എല്ലാ നിറത്തിലുള്ളതും), പൗച്ച് ഒന്നിന് 15 രൂപായും ദേവസ്വം ഫണ്ടിൽ ഒടുക്കുവരുത്തി ചെല്ലാൻ സഹിതം അപേക്ഷ ഹാജരാക്കിയാൽ ആയതു നൽകുന്നതിനും ഇപ്പോൾ നൽകിവരുന്ന ക്രമം ഓരോ വിഭാഗത്തിനും അനുവദിച്ചിട്ടുള്ള തരം നിറത്തിലുള്ള ടാഗു മാത്രം അതാതു ജീവനക്കാർക്ക് വിതരണം ചെയ്യുന്നതിനും അനുവദിച്ചുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി,

(ഒപ്പ്)
സെക്രട്ടറി

പകർപ്പ്

1. ദേവസ്വം കമ്മീഷണർ
2. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, വർക്കല
3. സ്പെഷ്യൽ ഓഫീസർ, ദേവസ്വം ബോർഡ് കോളേജസ്
4. സ്പെഷ്യൽ ഓഫീസർ, സി.ബി.എസ്.സി സ്കൂൾസ്
5. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ദേവസ്വം ബോർഡ് എയ്ഡഡ് സ്കൂൾസ്
6. ഇ.ഡി.പി (വെബ് സൈറ്റ്)

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി